"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റം ഡോ.ഹസീന കരീം, അസിസ്റ്റന്റ് സർജൻ, കുടുംബാരോഗ്യകേന്ദ്രം, കുന്നമംഗലം, കോഴിക്കോട്, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത 987/2023 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**.ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2186/2023/H&FWD തീയതി,തിരുവനന്തപുരം, 24-08-2023

പരാമർശം:-

1. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ 987/2023 നമ്പർ കേസിൽ 19/06/2023 തീയതിയിൽ പുറപ്പെടുവിക്കപ്പെട്ട ഉത്തരവ്
2. സഉ (സാധ) 1518/2023/ആകുവ തീയതി 26/06/2013
3. സഉ (സാധ) 1603/2023/ആവഡ തീയതി 04/07/2023

4 ഡോ.ഹസീന കരീം സമർപ്പിച്ച അപ്പീൽ അപേക്ഷ

5 അപ്പീൽ കമ്മിറ്റി 22-07-2023 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ കോഴിക്കോട് കുന്നമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ.ഹസീന കരീം-ന് കോഴിക്കോട് ജില്ലയിലെ പനങ്ങാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകുകയുണ്ടായി. പ്രസ്തുത നടപടിക്രമത്തിനെതിരായി ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ നമ്പർ 987/2023 ഫയൽ ചെയ്യുകയും, തുടർന്ന് ബഹു .ട്രിബ്യൂണൽ പരാമർ ശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കപ്പെടുകയുമുണ്ടായി. പ്രസ്തുത ഉത്തരവിലെ നിർദ്ദേശ പ്രകാരം ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർ പേഴ്സണായും ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും അംഗങ്ങളായും പരാമർശം (2), (3) എന്നിവ പ്രകാരം ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

2. പരാമർശം (2), (3) എന്നിവ പ്രകാരം രൂപീകരിച്ച അപ്പീൽ കമ്മിറ്റി 22-07-2023 ന് യോഗം ചേരുകയും ഡോ.ഹസീന കരീം ഉൾപ്പെടെയുള്ളവർ സമർപ്പിച്ച അപ്പീലുകൾ പരിശോധിക്കുകയും ബഹു.ട്രിബ്യൂണൽ നിർദ്ദേശിച്ചതുപ്രകാരം ഓരോ കേസിലേയും അപേക്ഷകരേയും ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും ചെയ്തു. നേരിൽ കേൾക്കുന്ന വേളയിലും അപ്പീൽ അപേക്ഷയിലും ഡോ.ഹസീന കരീം ആവശ്യപ്പെട്ടത്, ടിയാളുടെ ആരോഗ്യാവസ്ഥ പരിഗണിച്ച്, ടിയാളുടെ താമസ സ്ഥലത്തിനടുത്തുള്ള ഏതെങ്കിലും സ്റ്റേഷനിൽ നിയമനം നൽകുകയോ,

0018935

GOVERNMENT OF KERALA

കോഴിക്കോട് മെന്റൽ ഹെൽത്ത് സെന്ററിൽ ഉടനെ നിലവിൽ വരുന്ന ഒഴിവിലേക്ക് പരിഗണിക്കുകയോ ചെയ്യണം എന്നതാണ് .

(3) അപ്പീൽ കമ്മിറ്റി ഈ വിഷയം വിശദമായി പരിശോധിക്കുകയും,. ഡോ.ഹസീന കരീം അപേക്ഷയിൽ ആവശ്യപ്പെട്ടതുപോലെ നിലവിലുള്ള ഉത്തരവിൽ മാറ്റം വരുത്തി ടിയാൾക്ക് പുതിയസ്ഥലം അനുവദിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും, കോഴിക്കോട് മെന്റൽ ഹെൽത്ത് സെന്ററിൽ ഉടനെ അസിസ്റ്റന്റ് സർജന്റെ ഒഴിവ് നിലവിൽ വരുന്നില്ല എന്നതിനാലും, ടിയാളുടെ ആരോഗ്യ സ്ഥിതികണക്കിലെടുത്ത് കോഴിക്കോട് ബീച്ച് ആശുപത്രിയിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമനം നൽകുന്നതിന് ശിപാർശ ചെയ്യുകയുമുണ്ടായി.

(4) അപ്പീൽ കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് ഡോ.ഹസീന കരീമിന്റെ ആരോഗ്യാവസ്ഥ പരിഗണിച്ച് കോഴിക്കോട് ബീച്ച് ആശുപത്രിയിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി, ടിയാൾ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി, ഇതിനാൽ ഉത്തരവാകുന്നു. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം അനുപാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,കേരള,തിരുവനന്തപുരം

ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം

ഡോ.ഹസീന കരീം, അസിസ്റ്റന്റ് സർജൻ, കുടുംബാരോഗ്യ കേന്ദ്രം, കുന്നമംഗലം, കോഴിക്കോട്

ഡോ.അർച്ചന .വി,അസിസ്റ്റന്റ് സർജൻ ,ജില്ലാ ആശുപത്രി,തിരൂർ മലപ്പുറം

ഡോ.അനീഷ.എ.എൻ. അസിസ്റ്റന്റ് സർജൻ, പ്രാഥമികാരോഗ്യ കേന്ദ്രം,അടക്കാപുത്തൂർ, പാലക്കാട്

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 25-08-2023 11:10:01

സെക്ഷൻ ഓഫീസർ

**<u>മേലെഴുത്ത് നം: ഇ.എ2-153/2023/ആ.വ.ഡ തീയതി 10.08.2023</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരിയുടെ അറിവിലേക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി